# 'അംഗൻജ്യോതി' പദ്ധതിക്ക് തുടക്കം;
## അങ്കണവാടികളിൽ ഇനി പുകയില്ലാത്ത അടുക്കളകൾ

നെറ്റ് സീറോ കാർബൺ അങ്കണവാടികൾ എന്ന ലക്ഷ്യവുമായി അങ്കണവാടികളിൽ പുകയില്ലാത്ത അടുക്കളകൾ ഒരുക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതിയാണ് 'അംഗൻ ജ്യോതി. അങ്കണവാടികളിൽ ഉപയോഗിക്കുന്ന പാചക ഉപകരണങ്ങൾ സൗരോർജ്ജ സഹായത്തോടെ പ്രവർത്തിക്കുന്ന ഉപകരണങ്ങളാക്കി മാറ്റി അതുവഴി ഊർജ്ജ സംരക്ഷണവും കാർബൺ അടങ്ങിയ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കലും വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.

നെറ്റ് സീറോ പഞ്ചായത്തുകളിലെ മുഴുവൻ അങ്കണവാടികളിലും ദക്ഷത കൂടിയ ഊർജ്ജഉപകരണങ്ങൾ ലഭ്യമാക്കുകയും കാർബൺ തുലിത ഇടപെടലുകൾ സംഘടിപ്പിച്ചു കൊണ്ട് ഊർജ്ജസംരക്ഷണം പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പാക്കുകയുമാണ് അംഗൻജ്യോതി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ 33,115 അങ്കണവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും 'അംഗൻ ജ്യോതി പദ്ധതി ലക്ഷ്യമിടുന്നു. മിക്ക അങ്കണവാടികളിലെയും പാചകപ്പുരകളിൽ എൽ.പി.ജി./വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഇതിന് ബദലായി കാർബൺ ബഹിർഗമനമില്ലാത്തതും ശുദ്ധവും പൂർണസുരക്ഷിതമായതും അതോടൊപ്പം വേഗത്തിലുള്ള പാചകം ഉറപ്പു വരുത്തുന്നതിനായി വൈദ്യുത ഊർജ്ജം വഴി പ്രവർത്തിക്കുന്ന വൈദ്യുത ഇൻഡക്ഷൻ അടുപ്പുകളും, അനുബന്ധ പാത്രങ്ങൾ, ചൂടാറാപ്പെട്ടി, ഫാനുകൾ, ഊർജ്ജക്ഷമത കൂടിയ അനുബന്ധ ലൈറ്റുകൾ ഇരുചക്ര മുച്ചക്ര വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സ്ഥാപിക്കും. 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലാണ് ആദ്യഘട്ടമായി 'അംഗൻജ്യോതി പദ്ധതി നടപ്പിലാക്കുന്നതാണ്.

മനുഷ്യജന്യമായുണ്ടാകുന്ന ഹരിത ഗൃഹ വാതകങ്ങളുടെ അളവ് കുറച്ചും കാർബൺ ആഗിരണ പ്രവർത്തനങ്ങളുടെ അളവ് വർദ്ധിപ്പിച്ചും അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതക തുലനാവസ്ഥ തിരികെപ്പിടിക്കുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയോജനത്തോടെയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ. 2050 ഓടുകൂടി നെറ്റ് സീറോ എമിഷൻ കേരളം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായാണ് അംഗൻ ജ്യോതി പദ്ധതി യാഥാർത്ഥ്യമാകുന്നത്.

## 'അംഗൻ ജ്യോതി' - പാചക ഉപകരണങ്ങളുടെ വിതരണം ജില്ലാതല ഉദ്ഘാടനങ്ങളിലൂടെ


തിരുവനന്തപുരം ജില്ലാതല വിതരണ ഉദ്ഘാടനം ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ നിർവഹിച്ചു.


കൊല്ലം ജില്ലാ തല ഉദ്ഘാടനം പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ചാത്തന്നൂർ MLA ജി എസ് ജയലാൽ നിർവഹിച്ചു.


പത്തനംത്തിട്ട ഇരവിപേരൂർ ഗ്രാമപഞ്ചായത്തിൽ ജിജി മാത്യു (ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) ഉദ്ഘാടനം നിർവഹിച്ചു.


ആലപ്പുഴ ജില്ലാതല ഉദ്ഘാടനം എ.എം. ആരിഫ് എം.പി. നിർവഹിച്ചു.


കോട്ടയം ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു നിർവഹിച്ചു.


ഇടുക്കി ജില്ലാതല ഉദ്ഘാടനം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിഷാ ഷാജി നിർവഹിച്ചു.


എറണാകുളം ജില്ലാതല ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ നിർവഹിച്ചു.


തൃശൂർ അംഗൻ ജ്യോതി പദ്ധതി ജില്ലാതല ഉദ്ഘാടനം റവന്യു മന്ത്രി കെ. രാജൻ നിർവഹിച്ചു.


പാലക്കാട് ജില്ലാതല ഉദ്ഘാടനം വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ നിർവഹിച്ചു.


മലപ്പുറം ജില്ലയിലെ അംഗൻ ജ്യോതി ജില്ലാതല ഉദ്ഘാടനം കീഴുപറമ്പിൽ പി.കെ. ബഷീർ എം.എൽ.എ. നിർവഹിച്ചു.


കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം നിർവഹിച്ചു.


വയനാട് ജില്ലാതല ഉദ്ഘാടനം എനർജി മാനേജ്മെന്റ് സെന്റർ ജില്ലാ കോർഡിനേറ്റർ സി. ജയരാജൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. റനീഷ് എന്നിവർ ചേർന്ന് നിർവഹിച്ചു.


കണ്ണൂർ ജില്ലാ തല ഉദ്ഘാടനം പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു.


കാസർഗോഡ് ജില്ലാതല ഉദ്ഘാടനം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ തൃക്കരിപ്പൂർ എംഎൽഎ എം രാജഗോപാലൻ നിർവഹിച്ചു.